## 605

*രീതി: നീതിമാന്റെ പ്രാർത്ഥന*

ജീവനാഥനേശുദേവനെത്ര നല്ലവൻ!
അവനെ രുചിച്ചറിഞ്ഞിടുന്ന മനുജൻ ഭാഗ്യവാൻ

1 നാകലോകേ നിന്നുമാഗമിച്ചീ ഭൂവിയാഗമായ് താൻ നരർക്കായ്
ആരിതു വിശ്വസിച്ചാശ്രയിച്ചിടുമോ ആയവൻ ഭാഗ്യവാൻ-

2 ആശ്രയിച്ചിടുന്ന ദാസർക്കനുദിനമാശ്വാസദായകൻ താൻ
ആരുമിതുവരെ ലജ്ജിതരല്ലവൻ ചാരേയണഞ്ഞതിനാൽ-

3 തന്റെ വചനങ്ങൾ പാതയും ദീപമായ് കണ്ടു സഞ്ചാരം ചെയ്താൽ
അന്ത്യംവരെയുമൊരന്ധതയുമെന്യേ സന്തോഷത്തോടെ പോകാം-

4 മുമ്പേ തൻരാജ്യവും നീതിയുമന്വേഷിക്കുമ്പോളതോടുകൂടെ
സമ്പത്തെന്താവശ്യമുണ്ടെന്നറിഞ്ഞു താനൻപോടന്നന്നു നൽകും-

5 സംഭ്രമമുണ്ടാക്കും സംഭവങ്ങൾ പാരിൽ സന്തതം കേട്ടിടുമ്പോൾ
തൻപദത്തെയവലംബമായ് കാണുകിൽ തുമ്പങ്ങൾ തീർന്നുപോകും-

**T.K.S.**